പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 216

04/02/2013 ൽ
മറുപടിക്ക്

## മൂവിംഗ് തീയറ്ററുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. വി.ഡി.സതീശൻ
ശ്രീ. പി.സി.വിഷ്ണുനാഥ്
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. ജോസഫ് വാഴക്കൻ

മറുപടി

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മൂവിംഗ് തീയറ്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിലവിൽ സഞ്ചരിക്കുന്ന സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടുതൽ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി മൂന്ന് മൂവിംഗ് തീയറ്ററുകൾ അക്കാദമിയുടെ നേതൃത്വത്തിൽ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ദേശീയ അന്തർദേശീയ അംഗീകാരം നേടിയ സിനിമകൾ ജനങ്ങൾക്ക് കാണാൻ അവസരമുണ്ടാക്കുക, ജനങ്ങളുടെ സിനിമാ സാക്ഷരത മെച്ചപ്പെടുത്തുക, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, സാംസ്കാരിക സംഘടനകൾ, വായനശാലകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ മികച്ച സിനിമകൾ കാണുന്നതിനുള്ള അവസര മൊരുക്കുക, ചലച്ചിത്ര ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 30 പേർക്ക് ഇരിക്കാവുന്ന ആധുനിക തീയേറ്റർ ബസിനുള്ളിൽ സജ്ജീകരിച്ചതാണ് മൂവിംഗ് തീയേറ്റർ. രാത്രി കാലങ്ങളിൽ ബസിന്റെ പിൻഭാഗത്തു നിന്ന് 300 പേർക്ക് കാണാവുന്ന വിധത്തിൽ തുറസായ സ്ഥലത്ത് പ്രദർശനം നടത്താനും ഇതിലൂടെ സാധിക്കും. |
| (സി) | എവിടെയൊക്കെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ; | (സി) | കേരള സംസ്ഥാനം മുഴുവൻ ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നു. |
| (ഡി) | ക്ലാസ്സിക്ക് സിനിമകൾ ഈ തീയറ്ററുകളിൽ കൂടി പ്രദർശിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ക്ലാസ്സിക്ക് സിനിമകൾ ഈ തീയറ്ററുകളിൽ കൂടി പ്രദർശിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ